


ഗവ. എസ്സ്. വി. എച്ച്. എസ്സ്. എസ്സ് കുടശ്ശനാട്

# ജാലകം

സ്കൂൾ പത്രം

12 ആഗസ്റ്റ് 2023



# ഫ്രീഡം ഫെസ്റ്റ് 2023

**തണ്ടാനുവിള :** ഗവ. എസ്സ്. വി. എച്ച്. എസ്സ്. എസ്സ് കുടശ്ശനാട് സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ



ആഭിമുഖ്യത്തിൽ 2023 ആഗസ്റ്റ് 11 വെള്ളിയാഴ്ച ഫ്രീഡം ഫെസ്റ്റ് നടത്തി. സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി. രാധിക ദേവി. ആർ ഫ്രീഡം ഫെസ്റ്റ് ഉത്ഘാടനം ചെയ്തു. പി. ടി. എ. പ്രസിഡന്റ് ശ്രീ. എസ്സ്. ആർ. മനോജിന്റെ അധ്യക്ഷതയിൽ ചേർന്ന ഉത്ഘാടന സമ്മേളനത്തിന് സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. അന്ന റേച്ചൽ വർഗീസ് സ്വാഗതം ആശംസിച്ചു. സീനിയർ അധ്യാപകൻ




ശ്രീ. സത്യജ്യോതി ആശംസ പറഞ്ഞു. സ്വതന്ത്ര സോഫ്റ്റ് വെയറുകളെ കുറിച്ച് എല്ലാവരിലും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഫ്രീഡം ഫെസ്റ്റ് നടത്തിയത്. ഇതിൽ അനിമേഷൻ, പ്രോഗ്രാമിംഗ്, റോബോടിക്സ് എന്നീ





വിഭാഗങ്ങളിൽ കുട്ടികൾ ചെയ്ത പ്രവർത്തനങ്ങളുടെ പ്രദർശനവും നടത്തി. എൽ കെ ജി മുതൽ +2 വരെയുള്ള കുട്ടികൾക്ക് ഇത് കണ്ട് ആസ്വദിക്കുവാനും മനസ്സിലാക്കുവാനുമുള്ള അവസരം ലഭിച്ചു. ഇതിന്റെ ഭാഗമായി തയാറാക്കിയിരുന്ന ഗയിമുകളിലും കുട്ടികൾ പങ്കെടുത്തു. വളരെ മികച്ച രീതിയിൽ ഫ്രീഡം ഫെസ്റ്റ് സംഘടിപ്പിക്കാൻ സ്കൂളിനു കഴിഞ്ഞു.